മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 10

# വാർത്താക്കുറിപ്പ്

---

## പ്രഫ. വി.ബി.ആർ ചൗധരിയുടെ പ്രഭാഷണം നാളെ

സിങ്കപ്പൂരിലെ നന്യങ് സാങ്കേതിക സർവകലാശാലയിലെ ഇന്ത്യ സ്ട്രാറ്റജി സീനിയർ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രഫ. ബി.വി.ആർ ചൗധരി നാളെ(ഡിസംബര് 12 തിങ്കൾ) മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രഭാഷണം നടത്തും.

രാവിലെ 11ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ വിദ്യാഭ്യാസം, ഗവേഷണം, അന്താരാഷ്ട്ര സഹകരണം എന്നീ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിക്കും. പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ആശംസയർപ്പിക്കും. വിദ്യാർഥികൾക്കും അധ്യാപർക്കും പങ്കെടുക്കാം.

കാൺപൂർ ഐ.ഐ.ടിയിൽനിന്നും പി.എച്ച്.ഡി നേടിയ ഡോ. ചൗധരി ഐ.ഐ.ടി ചെന്നൈ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിങ്കപ്പൂർ, നന്യങ് സാങ്കേതിക സർവകലാശാല എന്നിവിടങ്ങളിൽ അധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്.
(പി.ആർ.ഒ./39/1732/2022)

## പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

അന്താരാഷ്ട്ര കുടിയേറ്റ ദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് ഡിസംബർ 16 മുതല് 18 വരെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര കോൺഫറൻസിൽ പ്രബന്ധം അവതരിപ്പിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

ബയോഡേറ്റയും പ്രബന്ധത്തിന്റെ സംക്ഷിപ്തവും ഡിസംബർ 13 വൈകുന്നേരം അഞ്ചിന് മുൻപ് imday2022sirpmgu@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. ഫോൺ: 8714770906, 9744050906

(പി.ആർ.ഒ./39/1733/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**